## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 99 — 11.02.2016 ൽ മറുപടിയ്ക്ക്

## സ്കൂൾ കലോൽസവം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി.കെ.കെ.ലതിക<br>ശ്രീ.ബി.സത്യൻ<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സ്കൂൾ കലോൽസവ നടത്തിപ്പിലെ പോരായ്മകൾ വിലയിരുത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാന സ്കൂൾ കലോൽസവ നടത്തിപ്പിലെ പോരായ്മകൾ വിലയിരുത്തുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) വിധികർത്താക്കളെ സംബന്ധിച്ച് ജില്ലാ സംസ്ഥാന കലോത്സവങ്ങളിൽ ഉയർന്നു വന്ന പരാതികൾ പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; | (ബി) | വിധികർത്താക്കളെ സംബന്ധിച്ച് ജില്ലാ സംസ്ഥാന കലോത്സവങ്ങളിൽ ഉയർന്നു വന്ന പരാതികൾ പരിശോധിക്കുകയുണ്ടായി. പരിശോധനയിൽ വിധി നിർണ്ണയത്തിൽ അപാകത കണ്ടെത്തിയ വിധികർത്താക്കൾക്കെതിരെ നടപടി സ്വീകരിക്കാൻ അതാത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ സംസ്ഥാന തലത്തിൽ ഹയർ സെക്കൻഡറി വിഭാഗം തബല മത്സരത്തിൽ വിധിനിർണ്ണയത്തിൽ അപാകത കണ്ട ഒരു വിധി കർത്താവിനെ അയോഗ്യനാക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) കലോത്സവങ്ങളിൽ വിധികർത്താക്കളെ നിശ്ചയിക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (സി) | സ്കൂൾ കലോത്സവ മാന്വലിൽ വിധികർത്താക്കളെ നിയമിക്കുന്നതിനുള്ള നടപടികൾ സർക്കാർ അംഗീകരിച്ച് നൽകിയിട്ടുണ്ട്. സ്കൂൾ തലത്തിലുള്ള മത്സരങ്ങളുടെ വിധി നിർണ്ണയത്തിനായി ഹെഡ്മാസ്റ്റർ/പ്രിൻസിപ്പാൾ യോഗ്യരായ വിധികർത്താക്കളെ നിയമിക്കേണ്ടതാണ്. സബ് ജില്ലാ തലത്തിലുള്ള വിധികർത്താക്കളെ വിദ്യാഭ്യാസ ഉപഡയറക്ടർ അംഗീകരിച്ചിട്ടുള്ള പാനലിൽ നിന്നാണ് നിയമിക്കാറുള്ളത്. ജില്ലാതല വിധികർത്താക്കളെ പൊതു വിദ്യാഭ്യാസ ഡയറക്ടർ |

| | | | |
|---|---|---|---|
| | | | അംഗീകരിക്കുന്ന പാനലിൽ നിന്നും സംസ്ഥാനതല വിധി കർത്താക്കളെ പൊതു വിദ്യാഭ്യാസ ഡയറക്ടറും നിയമിക്കുന്നു. |
| (ഡി) | അപ്പീലുകൾ വഴി കലോത്സവങ്ങളിൽ പങ്കെടുക്കുന്നവരുടെ എണ്ണം ഗണ്യമായി വർദ്ധിച്ചു വരുന്നത് ഒഴിവാക്കുന്നതിനായി ഉചിതമായ നടപടി സ്വീകരിക്കുമോ; | (ഡി) | അപ്പീലുകളുടെ എണ്ണം നിയന്ത്രിക്കുന്നതിനായി ജില്ലാതല അപ്പീൽ കമ്മിറ്റിയിൽ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നിരീക്ഷകരെ നിയമിക്കുകയും ബാലാവകാശ കമ്മീഷൻ, ലോകായുക്ത എന്നിവയുടെ ഉത്തരവുകൾ സ്വീകരി ക്കുന്ന കാര്യത്തിൽ നിയമോപദേശം നൽകുന്നതിന് അഡ്വക്കേറ്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |
| (ഇ) | കലോത്സവങ്ങളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും വിധികർത്താക്കളെ നിശ്ചയിക്കുന്നതിലുള്ള ആക്ഷേപങ്ങൾ ഒഴിവാക്കുന്നതിനുമായി കലോത്സവ മാന്വലിൽ സമഗ്രമാറ്റം വരുത്തുന്നതിന് തയ്യാറാകുമോ? | (ഇ) | കലോൽസവ മാന്വൽ പരിഷ്കരണത്തിനായി ഒരു മാന്വൽ പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ